# 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 2014-2015 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2014-2015 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റ് ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2014 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2005-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.—2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിലെ (2005-ലെ 20),—

(1) 6-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ "അറുപത് ലക്ഷം രൂപ" എന്ന വാക്കുകൾക്കു പകരം "ഒരു കോടി രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (ബി) ഖണ്ഡത്തിൽ "മുപ്പത് ലക്ഷം രൂപ" എന്ന വാക്കുകൾക്കു പകരം "അൻപത് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) 7-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ "ലോട്ടറി ടിക്കറ്റ് വിൽക്കുന്ന ഓരോ പ്രൊമോട്ടറും" എന്ന വാക്കുകൾക്കുശേഷം "നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേലും 1998-ലെ ലോട്ടറീസ് (റെഗുലേഷൻ) ആക്റ്റിലെയും (1998-ലെ 17-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിലുള്ള ചട്ടങ്ങളിലെയും നിബന്ധനകൾക്കും അതു സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്കും വിധേയമായും കേരള സംസ്ഥാന ലോട്ടറി ഡയറക്ടർ നൽകുന്ന ഒരു നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് സഹിതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

---

KNPP. 1041/2014.